പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2334 9/3/2018 ൽ മറുപടിക്ക്

## ഫാമുകൾ തുടങ്ങാൻ സർക്കാർ സഹായം

ചോദ്യം

**ശ്രീ.ടി. വി. ഇബ്രാഹിം:**

മറുപടി

**അഡ്വ .കെ.രാജു**
**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).**

| | | | |
|---|---|---|---|
| **എ)** | വിവിധ ഫാമുകൾ തുടങ്ങാൻ സർക്കാർ സബ്സിഡിയുൾപ്പെടെ നൽകിവരുന്ന സഹായങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | **എ)** | 14/2/2018- ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ്(കൈ) നമ്പർ 22/2018/തസ്വഭവ പ്രകാരം മൃഗസംരക്ഷണ മേഖലയിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ത്രിതല പഞ്ചായത്തുകളുടെ പദ്ധതിയുടെ ഭാഗമായി ഫാമുകൾ ആരംഭിക്കാൻ മാനദണ്ഡങ്ങൾ/സബ്സിഡി നിശ്ചയിച്ചിട്ടുണ്ട്. അതിൻ പ്രകാരം 2018 -19 വർഷത്തെ പദ്ധതി രൂപീകരണം പഞ്ചായത്ത് തലത്തിൽ നടന്നു വരുന്നു.<br>1.ബ്രോയലർ യൂണിറ്റ് --1000 എണ്ണം(സബ്സിഡി 50% ജനറൽ)<br>2.കമ്യൂണിറ്റി ക്യാറ്റിൽ ഷെഡ് എന്റർപ്രൈസസ് കം മിനി ഡയറി യൂണിറ്റ് (പ്രവാസി ഗ്രൂപ്പ് സംരംഭം)- സബ്സിഡി 5 ലക്ഷം<br>3.കാഫ് സാറ്റ് ലൈറ്റ് പ്രോജക്ട് --100 കന്നുക്കുട്ടികളെ (4-6 മാസം) വളർത്തി (ഒരു വർഷം വരെ) വിൽക്കുന്ന പദ്ധതി സബ്സിഡി -15 ലക്ഷം<br>4.ഗോട്ട് ബ്രീഡിംഗ് യൂണിറ്റ് (19 പെണ്ണാട്+ 1 മുട്ടനാട്) -1 ലക്ഷം രൂപ സബ്സിഡി |
| **ബി)** | ആട്, പശു, കോഴി എന്നിവ വളർത്തുന്നതിന് പ്രത്യേക സഹായങ്ങൾ നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | **ബി)** | അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| **സി)** | സഹകരണ സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് ഫാമുകൾ ആരംഭിക്കുന്നതിന് വായ്പാ സൗകര്യം ലഭ്യമാണോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | **സി)** | മൃഗസംരക്ഷണ വകുപ്പ് വഴി വായ്പാ സൗകര്യങ്ങൾ ലഭ്യമല്ല. എന്നിരുന്നാലും നബാർഡ് മാർഗ്ഗ നിർദ്ദേശപ്രകാരം തയ്യാറാക്കി ബാങ്കുകൾ വഴി സമർപ്പിക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്ക് നബാർഡ് മുഖേനയുള്ള വായ്പകൾക്കുള്ള സബ്സിഡികൾ ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

**1)ആട്ട വളർത്തൽ പദ്ധതി ( ഗോട്ട് സാറ്റ് ലൈറ്റ് യൂണിറ്റ്)** ഒരു ഗുണഭോക്താവിന് 5 പെണ്ണാടും ഒരു മുട്ടനാടും ഉൾപ്പെടുന്ന യൂണിറ്റ് ആരംഭിക്കാൻ 25000/ രൂപ വീതം സഹായം നൽകുന്നു.ആകെ യൂണിറ്റുകൾ 920

**2)ഗോവർദ്ധിനി & കന്നുക്കുട്ടി പരിപാലന പദ്ധതി**

രണ്ടു പദ്ധതികളിലുമായി ഈ സാമ്പത്തിക വർഷം ആകെ **35,070** കന്നുക്കുട്ടികളെ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നു. കൂടാതെ കഴിഞ്ഞ വർഷം എൻറോൾ ചെയ്ത **73538** കന്നുക്കുട്ടികൾക്ക് രണ്ടാം വർഷം സഹായം നൽകുന്നു.

ഒരു കർഷകന് ആകെ ലഭിക്കുന്ന സഹായം **12500/-**

**3)സ്പെഷ്യൽ ഗോവർദ്ധിനി 2017-18 (RKVY) കന്നുകുട്ടി പരിപാലന പദ്ധതി** - ഈ പദ്ധതി പ്രകാരം **2017-18** വർഷം **1000** കന്നുകുട്ടികൾക്ക് ആനുകൂല്യം നൽകുന്നു. ഒരു കർഷകന് ആകെ ലഭിക്കുന്ന സഹായം **16,176/-** രൂപ

**4) സ്കൂൾ ബാക്ക്യാർഡ് പൗൾട്രി സ്കീം**

സംസ്ഥാനത്തെ തെരഞ്ഞെടുത്ത **905** സ്കൂളുകളിൽ **50** കുട്ടികൾക്ക് വീതം ആകെ **45250** കുട്ടികൾക്ക് **5** മുട്ടകോഴിക്കുഞ്ഞുങ്ങളും തീറ്റയും നല്കുന്നു.

**5.കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി**

തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പഞ്ചായത്തിലും 500 വനിതാ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോരുത്തർക്കും 8 കോഴി, 5 കിലോ തീറ്റ, 50/- രൂപയുടെ മരുന്നും നൽകുന്നു.

**6.കെപ്കോ ആശ്രയ പദ്ധതി**

തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ വിധവകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ ഗുണഭോക്താവിനും 10 കോഴിയും, 10 കിലോ തീറ്റയും, 50/- രൂപയുടെ മരുന്നും ലഭിക്കുന്നു.

**7.റൂറൽ ബാക്ക് യാർഡ് പദ്ധതി**

കേരളത്തിലെ ഗ്രാമ പ്രദേശത്തുള്ള തൊഴിൽരഹിതരായ സ്ത്രീകൾക്ക് ഒരു ചെറിയ വരുമാന മാർഗ്ഗവും കോഴിമുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യവും മുൻനിറുത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് റൂറൽ ബാക്ക്യാർഡ് പൗൾട്രി പദ്ധതി. നമ്മുടെ സംസ്ഥാനത്തെ ഭൂപ്രകൃതിയും കൃഷിക്ക് അനുയോജ്യമായ സാഹചര്യവും കണക്കിലെടുത്ത് അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതികളിലൂടെ മുട്ട ഉല്പാദനം വർദ്ധിപ്പിക്കുകയും ഇതിന്റെ ഉപഭോക്താക്കളായ വനിതകൾക്ക് ചെറിയ ഒരു വരുമാന മാർഗ്ഗവുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഒരു പഞ്ചായത്തിലെ തിരഞ്ഞെടുക്കുന്ന

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 500 ഗുണഭോക്താക്കൾക്കാ യാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അതിൽ പട്ടികജാതി, പട്ടികവർഗ വിഭാഗത്തിപ്പെട്ടവർക്കും മുൻഗണന നൽ കേണ്ട താണ്. ഈ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും 45 കോഴികൾ മൂന്ന് ഘട്ടങ്ങളായി വിതരണം ചെയ്യുന്നതാണ്. ആദ്യ ഘട്ടത്തിൽ 20 ഉം രണ്ടാം ഘട്ടത്തിൽ 15 ഉം മൂന്നാം ഘട്ടത്തിൽ 10 ഉം എന്നീ മുറയ്ക്കാണ് വിതരണം നടത്തുന്നത്. ഇതിനു പുറമേ ഓരോ ഗുണഭോക്താവിനും 750 രൂപ കൂട് നിർമ്മാണത്തിനായി നൽകുന്നതാണ്. ഓരോ ഗുണഭോക്താവും കോഴി ഒന്നിന് 35 രൂപ എന്ന നിരക്കിൽ ഗുണഭോക്തൃ വിഹിതമായി നൽകേണ്ട താണ്.

**8.കെപ്കോ നഗരപ്രിയ പദ്ധതി**

നഗര പ്രദേശങ്ങളിലെ മുട്ടയുൽപാദനം വർദ്ധിപ്പിക്കുക, അടുക്കള മാലിന്യങ്ങൽ നൽകി മുട്ടയുല്പാദന ചിലവ് കുറയ്ക്കുക, മാലിന്യ സംസ്കരണത്തിന് ഒരു പരിധി വരെ സഹായിക്കുക, കോഴിവളം പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തി പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി കോർപ്പറേഷൻ/ മുൻസിപ്പാലിറ്റി എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് സംസ്ഥാനപൗൾട്രി വികസന കോർപ്പറേഷൻ രൂപം നൽകിയിരിക്കുന്ന നൂതന പദ്ധതിയാണിത്. നഗര പരിധിക്കുള്ളിൽ സ്ഥിരതാമസമാക്കിയിട്ടുള്ള കുടുംബങ്ങൾക്ക് എ.പി.എൽ, ബി.പി.എൽ മാനദണ്ഡമില്ലാതെ ഓരോ ഗുണഭോക്താവിനും 5 കോഴിയും, ആധുനി ക രീതിയിലുള്ള കൂടും, 5 കിലോ തീറ്റയും, മരുന്നും നൽകുന്നതാണ് ഈ പദ്ധതി. ഗുണഭോക്താക്കൾ നിശ്ചിത തുക ഗുണഭോക് തൃവിഹിതമായി അടയ്ക്കേതുണ്ട്

**9.കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി**

സ്കൂൾ കുട്ടികളിൽ സാമ്പാദ്യശീലം വളർത്തുക, തൊഴിലിന്റെ മഹത്വം ബോധ്യപ്പെടുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻ നിറുത്തി നടപ്പിലാക്കുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ ഗവൺമെന്റ് / എയ്ഡഡ് സ്കൂളുകളിലെ യു.പി വിഭാഗത്തിലെ യും 8,9 സ്റ്റാൻഡേർഡുകളിലെ യും കുട്ടികൾ ക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ കുട്ടിയ്ക്കും 5 കോഴിയും, 5 കിലോ തീറ്റയും, മരുന്നും സൗജന്യമായി ലഭിക്കുന്നു.

**10.കോൾ നിലങ്ങളിലെ കോഴിവളർത്തൽ പദ്ധതി**

തൃശ്ശൂർ, പൊന്നാനി മേഖലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന കോൾ നിലങ്ങളിൽ ഒരു ഗുണഭോക്താവിന് 12 കോഴി, 10 കിലോ കോഴിത്തീറ്റ, 50 രൂപയുടെ മരുന്ന് എന്നിവയാണ് നൽകി വരുന്നത്. ഗുണഭോക്തൃ വിഹിതമായി 100 രൂപ വീതം അടയ്ക്കേണ്ട താണ്.

**11.ഇന്റഗ്രേഷൻ പദ്ധതി**

സ്വന്തമായി സ്ഥലവും കോഴിവളർത്തലിന് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളു മുള്ള തത്പരരായ കർഷകരെ ഉദ്ദേശിച്ചാണ് മുട്ടക്കോഴി വളർത്തൽ ഇന്റഗ്രേഷൻ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ, മരുന്ന് എന്നിവ കോർപ്പറേഷൻ കർഷകർക്ക് സൗജന്യമായി നൽകുന്നു.ഇന്റഗ്രേഷൻ സൂപ്പർവൈസർമാർ ദിവസവും ഫാം സന്ദർശിച്ച് കോഴികളുടെ ആരോഗ്യ സ്ഥിതി വിലിയിരുത്തുകയും കർഷകർക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും നൽകുന്നു. കോഴികൾക്ക് 45 ദിവസം പ്രായമാകുമ്പോൾ കോർപ്പറേഷൻ തിരിച്ചെടുത്ത് വിവിധ പദ്ധതികൾക്ക് വിതരണം ചെയ്യുന്നു.

കർഷകർക്ക് വളർത്തു കൂലിയായി ഒരു കോഴിയ്ക്ക് ഏഴു രൂപ വരെ നൽകുന്നു.

**12.കോൺട്രാക്ട് ഫാമിംഗ്**

ഇറച്ചിക്കോഴി വളർത്തലിൽ താത്പര്യമുള്ള കർഷകരെ പ്രോത്സാഹിപ്പിക്കു ന്നതിനു വേണ്ടി കെപ്കോ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതിയാണ് കെപ്കോ കോൺട്രാക്ട് ഫാമിംഗ്. കെപ്കോ ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് 40-45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ കിലോയ്ക്ക് 85 രൂപ നിരക്കിൽ വില നൽകി തിരിച്ചെടുത്ത് മീറ്റ് പ്രോസസിംഗ് പ്ലാന്റിൽ പ്രോസസ് ചെയ്ത് കെപ്കോ ചിക്കൻ തയ്യാറാക്കുന്നു. കർഷകർക്ക് ബുദ്ധിമുട്ടു ണ്ടാക്കാത്ത ലളിതമായ വ്യവസ്ഥകളാണ് ഈ പദ്ധതിയു ടെ മുഖ്യ ആകർഷണം. കർഷകർ വളർത്തിയെടുക്കുന്ന ഇറച്ചിക്കോഴികളെ കെപ്കോ തന്ന തിരിച്ചു വാങ്ങുന്ന തിനാൽ തങ്ങളുടെ ഉത്പന്നങ്ങൾക്ക് പ്രത്യേകം വിപണി കണ്ടെത്തേണ്ട ചുമതലയും കർഷകർക്കുണ്ടാകുന്നില്ല.

**13.കെപ്കോ-കുടുംബശ്രീ സംയുക്തമായി നടപ്പിലാക്കുന്ന കോഴി വളർത്തൽ പദ്ധതി**

കെപ്കോ-മൃഗസംരക്ഷണ - കുടുംബശ്രീയുടെ സംയുക്ത സംരംഭമായി "കേരള ചിക്കൻ" ഉല്പാദിപ്പിക്കാനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രരംഭ ഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 10 യൂണിറ്റുകൾ വീതം ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കെപ്കോ ഉല്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ 40 രൂപ നിരക്കിൽ യുണിറ്റുകൾക്ക് നൽകുന്നതാണ്. 40-45 ദിവസം പ്രായവും രണ്ടു കിലോ ഭാരവുമാകുമ്പോൾ അവയെ കിലോയ്ക്ക് 85 രൂപ നിരക്കിൽ കെപ്കോ തന്നെ തിരിച്ചെടുത്ത് സ്വന്തം പ്ലാന്റിൽ പ്രോസസ് ചെയ്ത് ചിക്കൻ ഉല്പാദിപ്പിക്കുന്നതാണ്. മരുന്നു കളുടെ ഉപയോഗം, വാക്സിനേഷൻ എന്നിവ മൃഗസംരക്ഷണ വകുപ്പ് മോണിട്ടർ ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ